**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 556** | **21-03-2023 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ മലയോര സമ്പദ് വ്യവസ്ഥയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന1251 കിലോ മീറ്റർ മലയോര ഹൈവേയിൽ 793.68 കി.മീ. പാതയാണ് കെ.ആർഎഫ്.ബി - പി.എം.യു മുഖേന വികസിപ്പിക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. റോഡിന്റെ മുഴുവൻ ഡി.പി.ആറും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 735.93 കി.മീ. റോഡിന് 2984.48 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇതിൽ 456.68 കി.മീ. റോഡിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തു. ശേഷിക്കുന്ന 279.25 കി.മീ. റോഡിന് സ്ഥലലഭ്യത ഉറപ്പാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലലഭ്യത ഉറപ്പാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തികൾക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കുന്നതാണ്. 367.18 കി.മീ റോഡിന് കരാർ വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതിൽ 112.68 കി.മീ റോഡിന്റെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വനമേഖലയിൽ കൂടി കടന്ന് പോകുന്ന റോഡുകൾക്ക് വനംവകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിക്കായി 44.037 ഹെക്ടർ വനഭൂമി ആവശ്യമായിട്ടുണ്ട്. ആയതിനാൽ വനംവകുപ്പിന്റെ അനുമതി ആവശ്യമുള്ള 8 ജില്ലകളിൽ ഇതിനായുള്ള 10 അപേക്ഷകൾ വനംവകുപ്പിന്റെ പരിവേഷ് പോർട്ടൽ മുഖേന നൽകിയിരുന്നു. ഇതിൽ കാസർഗോഡ് ജില്ലയിലെ ഒരു അപേക്ഷക്ക് സ്റ്റേജ് 2 അനുമതി ലഭിച്ചു കഴിഞ്ഞു. 4 അപേക്ഷകൾക്ക് സ്റ്റേജ് |

| | | | |
|---|---|---|---|
| | | | 1 അനുമതി ലഭിച്ചു. അനുമതി വേഗത്തിൽ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മലയോര ഹൈവേയുടെ നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള നടപടികളും ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | മലയോരഹൈവേയുടെ നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള നടപടികളും ത്വരിതപ്പെടുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെയും, ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെയും അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നു. കൂടാതെ കെ.ആർ.എഫ്.ബി സി.ഇ.ഒ യുടെ നേതൃത്വത്തിൽ മലയോര ഹൈവേയുമായി ബന്ധമുള്ള എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള അവലോകന യോഗങ്ങൾ എല്ലാ ആഴ്ചയും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ